## പതിമൂന്നാം കേരള നിയമസഭ
### ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 4886

01-07-2013 ൽ മറുപടിക്ക്

### എക്സൈസ് വകുപ്പിന്റെ ആധുനികവൽക്കരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം. ഹംസ : | ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും, തുറമുഖവും, എക്സൈസും വകുപ്പ് മന്ത്രി) |
| എ) എക്സൈസ് വകുപ്പിന്റെ ആധുനിക വൽക്കരണത്തിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു ; അതിനായി എത്ര തുക ചെലവഴിച്ചു എന്ന് വ്യക്തമാക്കുമോ ; | എ) എക്സൈസ് വകുപ്പിന്റെ ആധുനിക വൽക്കരണത്തിന്റെ ഭാഗമായി എൻഫോഴ്സ്മെന്റ് പ്രവർത്തനം ശക്തപ്പെടുത്തുന്നതിനായി, 2012 വർഷത്തിൽ, 1.74 കോടി രൂപ ചെലവാക്കി. 33 ജീപ്പുകളും, മൂന്നു കാറുകളും വാങ്ങി ഫീൽഡ് യൂണിറ്റുകളിലേയ്ക്ക് അനുവദിച്ചിട്ടുള്ളതാണ്. കൂടാതെ, 2011-12 വർഷത്തിൽ 70 ബൈക്കുകളും ഫീൽഡ് ആഫീസുകളിലേക്ക് വാങ്ങി നൽകിയിട്ടുണ്ട്. അബ്കാരി /എൻ.ഡി.പി.എസ്. കേസുകളുടെ സ്ഥിതിവിവരക്കണക്ക് തയ്യാറാക്കി സൂക്ഷിക്കുന്നതിനും, വിശകലനം ചെയ്യുന്നതിനും, കുറ്റവാളികളുടെ വിവരം ശേഖരിക്കുന്നതിനും വേണ്ടി, എക്സൈസ് വകുപ്പിൽ ക്രൈം റെക്കാർഡ്സ് ബ്യൂറോ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. എൻഫോഴ്സ്മെന്റ് പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി കോട്ടയം ജില്ലയിൽ, എരുമേലി റേഞ്ച് രൂപീകരിച്ചു. വകുപ്പിൽ ഉണ്ടായിരുന്ന 110 എണ്ണം 0.32'' പിസ്റ്റളുകൾക്ക് 26,000 എണ്ണം വെടിയുണ്ടകൾ, പൂനയിലെ അമ്യൂണിഷൻ ഫാക്ടറിയിൽ നിന്നും, ആകെ 8,53,122/- രൂപ അനുവദിച്ച് വാങ്ങുകയുണ്ടായി. വകുപ്പിലെ ഫീൽഡ് യൂണിറ്റിലെ എക്സൈസ് ഇൻസ്പെക്ടർ റാങ്കുവരെയുള്ള എല്ലാ ഉദ്യോഗസ്ഥന്മാർക്കും മൊബൈൽ ഫോൺ കണക്ഷൻ നൽകി. എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനായി, ഉദ്യോഗസ്ഥന്മാർക്ക് റിഫ്ലക്ടീവ് ജാക്കറ്റുകൾ, സെർച്ച് ടോർച്ച്, ഹെൽമറ്റ്, ആധുനിക കൈയ്യാമങ്ങൾ ട്രോളി ലാഡറുകൾ, 21 ഡിജിറ്റൽ ക്യാമറകൾ എന്നിവ വാങ്ങി നൽകിയിട്ടുണ്ട്. വകുപ്പിലെ ചെക്ക് പോസ്റ്റ് ഒഴികെയുള്ള എല്ലാ ഫീൽഡ് ആഫീസുകളിലും കമ്പ്യൂട്ടർ നൽകുകയും ഇന്റർനെറ്റ് കണക്ഷൻ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. എക്സൈസ് വകുപ്പിൽ വിവിധതരം റവന്യൂ വരുമാനം മുതൽക്കൂട്ടുന്ന രീതി ഓൺലൈൻ സംവിധാനത്തിലാക്കുന്ന |

(മറുപുറം)

തിനായി ഇ-പേയ്മെന്റ് സംവിധാനം നടപ്പിലാക്കി. മദ്യത്തിന്റേയും മയക്കുമരുന്നിന്റേയും ഉപഭോഗത്തിനെതിരെ, ബോധവൽക്കരണ പരിപാടികൾ ഏകോപിപ്പിക്കുന്നതിനായി, ഒരു ജോയിന്റ് എക്സൈസ് കമ്മീഷണർ തസ്തിക സൃഷ്ടിക്കുകയും, ആയതിന് പ്രത്യേക വിഭാഗം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. വകുപ്പിലെ 110 പിസ്റ്റലുകൾ സൂക്ഷിക്കുന്നതിനായി, 31,12,340/- രൂപ മുടക്കി 110 ഗോദ്റേജ് ചെസ്റ്റുകളും വാങ്ങിയിട്ടുള്ളതാണ്.

2013-14 വർഷത്തിൽ, എൻഫോഴ്സ്മെന്റ് പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനായി, 20 ജീപ്പുകളും ഒരു മിനിബസും 100 ബൈക്കുകളും വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. തിരുവനന്തപുരം ജില്ലയിൽ മൊബൈൽ ലിക്വർ ടെസ്റ്റിംഗ് ലാബോറട്ടറി തുടങ്ങുന്നതിന് അനുമതി ലഭിക്കുകയും, ആയതിലേയ്ക്ക് ഒരു മിനി ബസ് വാങ്ങുകയും, അതിൽ ലാബോറട്ടറി സജ്ജീകരിക്കുന്ന പ്രവർത്തികൾ നടന്നുവരികയുമാണ്. കൂടാതെ, എറണാകുളം, കോഴിക്കോട് ജില്ലകൾക്കുവേണ്ടിയും മൊബൈൽ ലാബുകൾ തുടങ്ങുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയാണ്. തിരുവനന്തപുരം ജില്ലയിലെ മൊബൈൽ ലാബോറട്ടറിക്കായി ഒരു ജൂനിയർ സയന്റിഫിക് ആഫീസറുടേയും, ഒരു ലാബ് അസിസ്റ്റന്റിന്റേയും തസ്തികകൾ പുതുതായി സൃഷ്ടിച്ചിട്ടുണ്ട്. തൃശ്ശൂരിൽ പ്രവർത്തിക്കുന്ന കേരള സ്റ്റേറ്റ് എക്സൈസ് അക്കാദമിയുടെ നവീകരണം പഞ്ചവത്സര പദ്ധതിയിൽ ഉൾപ്പെടുത്തി, ടി അക്കാദമിയുടെ നവീകരണത്തിനായി 40 ലക്ഷം രൂപ പ്ലാൻ പദ്ധതിയിൽ അനുവദിക്കുകയും, ആയതിന് ഭരണാനുമതി നൽകിയിട്ടുള്ളതുമാകുന്നു. എക്സൈസ് വകുപ്പിന്റെ എൻഫോഴ്സ്മെന്റ് പ്രവർത്തനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി, പോലീസ് ടെലികമ്മ്യൂണിക്കേഷൻ വിംഗുമായി ചേർന്ന് വയർലെസ്സ് സംവിധാനം ഏർപ്പെടുത്തുന്നതിനായി തീരുമാനിക്കുകയും, ടി ഇനത്തിൽ 110 ലക്ഷം രൂപ പ്ലാൻ ഫണ്ട് വകയിരുത്തിയിട്ടുള്ളതുമാകുന്നു. ടി തുകയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. 7,23,475 രൂപ ചെലവിൽ 215 ഡിജിറ്റൽ വെയിംഗ് മെഷീനുകൾ വാങ്ങി ഫീൽഡ് ഓഫീസുകളിലേയ്ക്ക് വിതരണത്തിന് തയ്യാറായിട്ടുണ്ട്. ചെക്ക് പോസ്റ്റുകളിൽ വാഹന പരിശോധന കാര്യക്ഷമമാക്കുന്നതിനായി റെയിൻ കോട്ട്, സിഗ്നൽ ലൈറ്റ്, ബാറ്റൺ എന്നിവ വാങ്ങുന്നതിനും, സി.സി.റ്റി.വി. ക്യാമറകൾ, സ്കാനറുകൾ

(മറുപുറം)

എന്നിവ സ്ഥാപിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ആലപ്പുഴ ജില്ലയിലെ കുട്ടനാട് റെയിഞ്ച് ഓഫീസിന്റെ ഉപയോഗത്തിനായി ഒരു സ്റ്റീൽ ബോട്ട് അനുവദിച്ചിട്ടുള്ളതും, ആയതിന്റെ നിർമ്മാണം പൂർത്തിയായി വരികയുമാണ്. എക്സൈസ് വകുപ്പിൽ ഇ-ഗവേണൻസ് നടപ്പാക്കുന്നതിനും, ഇ.സി.ആർ.ബി. ആവശ്യമായ സോഫ്റ്റ് വെയർ തയ്യാറാക്കുന്നതിനുമായുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുകയുമാണ്.

എക്സൈസ് ഫീൽഡ് യൂണിറ്റുകളിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി, എല്ലാ ഓഫീസുകൾക്കും അവശ്യം വേണ്ട ഫർണിച്ചറുകൾ വാങ്ങുക, സ്വന്തമായി കെട്ടിടമുള്ള സ്ഥലങ്ങളിൽ കുറഞ്ഞ ചെലവിൽ വാഹന ഷെഡ് നിർമ്മിക്കുക എന്നിവയ്ക്കുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

എക്സൈസ് വകുപ്പിന്റെ ആധുനികവൽക്കരണത്തിനായി, 2011-12 വർഷത്തിൽ 2,73,08,869 രൂപയും, 2012-13 വർഷത്തിൽ 1,16,31,866 രൂപയും ചെലവഴിച്ചിട്ടുള്ളതാണ്.

ബി) വ്യാജ മദ്യത്തിന്റെ ഉൽപ്പാദനവും വിപണനവും തടയുന്നതിന് ആധുനികവൽക്കരണത്തിന്റെ ഭാഗമായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു ; വിശദമാക്കാമോ ;

ബി) പൊതുജനങ്ങളിൽ നിന്നും പരാതികളും നിവേദനങ്ങളും നേരിട്ട് സ്വീകരിക്കുന്നതിനായി, ജില്ലാ എക്സൈസ് ആസ്ഥാനങ്ങളിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന ഹെൽപ്പ് ഡസ്കുകൾ സ്ഥാപിച്ചു. ഇത് നടപ്പു വർഷം കൂടുതൽ കാര്യക്ഷമമാക്കുന്നതാണ്. വകുപ്പിലെ എൻഫോഴ്സ്മെന്റ് പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായി 35 ലക്ഷം രൂപ ചെലവിൽ ആധുനിക ട്രാഫിക് ആന്റ് പട്രോളിംഗ് ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ട്. കഴിഞ്ഞ സാമ്പത്തിക വർഷം വിവിധ എക്സൈസ് ഫീൽഡ് യൂണിറ്റുകൾക്ക് 70 ബൈക്കുകൾ വിതരണം ചെയ്യുകയുണ്ടായി. ഈ വർഷം 100 ബൈക്കുകൾ കൂടി വാങ്ങുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

സംസ്ഥാനത്തെ ചെക്ക്പോസ്റ്റുകൾ സംയോജിത ചെക്ക്പോസ്റ്റുകളായി മാറ്റുന്നതിന്റെ ഭാഗമായി, അമരവിളയിൽ ആദ്യത്തെ സംയോജിത ചെക്ക്പോസ്റ്റ് സ്ഥാപിച്ചു. കൂടുതൽ ചെക്ക് പോസ്റ്റുകൾ സംയോജിത ചെക്ക് പോസ്റ്റുകളാക്കാൻ നീക്കം നടത്തുന്നതാണ്.

(മറുപുറം)

വകുപ്പിലെ എക്സൈസ് ഇൻസ്പെക്ടർ വരെയുള്ള ഉദ്യോഗസ്ഥർക്ക് മൊബൈൽ ഫോൺ സിം കാർഡും, 110 പിസ്റ്റളുകളും വിതരണം ചെയ്തു. ടി മൊബൈൽ ഫോൺ കണക്ഷനുകളും, വകുപ്പിൽ നിലവിലുള്ള ലാന്റ് ഫോണുകളും CUG, VPN എന്നീ സൗകര്യങ്ങൾ ഉപയോഗിച്ച് പരസ്പരം വിളിക്കുന്നത് സൗജന്യമാക്കി മാറ്റിയിട്ടുണ്ട്. മേൽ നടപടികൾ വഴി, ഉദ്യോഗസ്ഥർക്കിടയിലുള്ള വാർത്താ വിനിമയം സുഗമമാക്കുകയും എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളുടെ ഏകോപനം ശക്തമാവുകയും ചെയ്തിട്ടുണ്ട്. പിസ്റ്റളുകൾക്ക് 26,000 വെടിയുണ്ടകൾ, പൂനയിലെ അമ്യൂണിഷൻ ഫാക്ടറിയിൽ നിന്നും വാങ്ങിയിട്ടുള്ളതാണ്. വകുപ്പിലെ പഴയ വാഹനങ്ങൾക്ക് പകരം പുതിയ വാഹനങ്ങൾ വാങ്ങാൻ അനുമതി നൽകി. എൻഫോഴ്സ്മെന്റ് പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി വയർലെസ്സ് സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്.

എൻഫോഴ്സ്മെന്റ് ശക്തിപ്പെടുത്തുന്നതിനും വാഹനപരിശോധന നടത്തുന്നതിനുമായി, ഉദ്യോഗസ്ഥന്മാർക്ക് ഉപയോഗിക്കുന്നതിനായി, റിഫ്ലക്ടീവ് ജാക്കറ്റുകൾ, സെർച്ച് ടോർച്ച്, ഹെൽമറ്റ്, ആധുനിക കൈയ്യാമങ്ങൾ, ട്രോളി ലാഡറുകൾ, എന്നിവ വാങ്ങി ഫീൽഡ് ഓഫീസുകൾക്കും, ചെക്ക്പോസ്റ്റുകൾക്കും നൽകിയിട്ടുണ്ട്. 21 ഡിജിറ്റൽ ക്യാമറകൾ വാങ്ങി 14 ജില്ലകളിലെയും അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർമാർക്കും 3 മേഖലാ ഇ.എ.ബി. അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർമാർക്കും, 3 മേഖലാ ജോയിന്റ് എക്സൈസ് കമ്മീഷണർമാർക്കുമായി നൽകിയിട്ടുണ്ട്. പുറമെ, 215 ഡിജിറ്റൽ വെയിംഗ് മെഷീനുകൾ വാങ്ങി ഫീൽഡ് ഓഫീസുകളിലേയ്ക്ക് വിതരണത്തിന് തയ്യാറായിട്ടുണ്ട്. ചെക്ക് പോസ്റ്റുകളിൽ വാഹനപരിശോധന കാര്യക്ഷമമാക്കുന്നതിനായി റെയിൻകോട്ട്, സിഗ്നൽ ലൈറ്റ്, ബാറ്റൺ എന്നിവ വാങ്ങുന്നതിനും സി.സി.റ്റി.വി. ക്യാമറകൾ സ്കാനറുകൾ എന്നിവ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ആലപ്പുഴ ജില്ലയിലെ കുട്ടനാട് റെയിഞ്ച് ഓഫീസിന്റെ ഉപയോഗത്തിനായി ഒരു സ്റ്റീൽ ബോട്ട് അനുവദിച്ചിട്ടുണ്ട്. ആയതിന്റെ നിർമ്മാണം പൂർത്തിയായി വരുന്നു. കോട്ടയം ജില്ലയിലെ എരുമേലിയിൽ പുതുതായി ഒരു റെയ്ഞ്ച് ഓഫീസ് സ്ഥാപിച്ചു.

(മറുപുറം)

സി) ഓണക്കാലത്ത് വ്യാജമദ്യം വ്യാപകമാകുന്നതിന് സാധ്യതയുള്ളതായി കരുതുന്നുണ്ടോ ; ഉണ്ടെങ്കിൽ അത് തടയുന്നതിനായി ആധുനീകവൽക്കരണം മുഖേന എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ?

സി) എക്സൈസ് വകുപ്പിന്റെ ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനത്തിന്റെ അടിസ്ഥാനത്തിൽ, വ്യാജമദ്യം വ്യാപകമാകാൻ സാധ്യതയുള്ളതായി കരുതുന്നില്ല. ആധുനികവൽക്കരണം മുഖേന എൻഫോഴ്സ്മെന്റ് പ്രവർത്തനത്തിന് വേണ്ടി ലഭിച്ച എല്ലാ സംവിധാനങ്ങളും ഉപയോഗിച്ച് നടപടികൾ സ്വീകരിക്കുന്നതാണ്. ഓണക്കാലത്ത് എൻഫോഴ്സ്മെന്റ് കർശനമാക്കുന്നതിന്റെ ഭാഗമായി ഒരുമാസക്കാലയളവിൽ സ്പെഷ്യൽ എൻഫോഴ്സ്മെന്റ് ഡ്രൈവ് നടത്തി വരുന്നു. ഇക്കാലയളവിൽ, മുൻകൂട്ടിത്തന്നെ ഹൈവേ പട്രോളിംഗ് കർശനമാക്കി, പ്രധാനപ്പെട്ട റോഡുകളിൽ വാഹനപരിശോധന നടത്തുകയും, ചെക്ക് പോസ്റ്റുകളിൽ പരിശോധന കൂടുതൽ കർശനമാക്കുകയും ചെയ്യാറുണ്ട്. ഓണക്കാലയളവിൽ സ്ഥിരം കുറ്റവാളികൾക്കെതിരെ സി.ആർ.പി.സി. 110 പ്രകാരമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ